# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം-**791** **30.06.2011** ൽ മറുപടിയ്ക്ക്.

**കേന്ദ്ര സർവ്വകലാശാലകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.എ. മാധവൻ<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. എം.എ. വാഹീദ് | ശ്രീ. പി.കെ. അബ്ദു റബ്<br>*(ബഹു. വിദ്യാഭ്യാസ വകുപ്പു മന്ത്രി)* |
| (എ) സംസ്ഥാനത്ത് എവിടെയെല്ലാമാണ് കേന്ദ്ര സർവ്വകലാശാലകൾ സ്ഥാപിക്കുന്നതിന് അനുമതി ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (എ) കേരളത്തിൽ ഒരു കേന്ദ്ര സർവ്വകലാശാല സ്ഥാപിക്കുന്നതിനാണ് കേന്ദ്രസർക്കാരിൽ നിന്നും അനുമതി ലഭിച്ചിട്ടുള്ളത്. ഇതിനാവശ്യമായ സ്ഥലം കാസർഗോഡ്ജില്ലയിൽ നൽകാമെന്നാണ് സംസ്ഥാന സർക്കാരിന്റെ തീരുമാനം. |
| (ബി) ഇതിന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ; | (ബി) സ്വന്തമായി സ്ഥലമോ, കെട്ടിടമോ സർവ്വകലാശാലയ്ക്ക് ലഭ്യമാകാത്ത സാഹചര്യത്തിൽ 2009 മാർച്ചിൽ നിലവിൽവന്ന; കേന്ദ്രസർവ്വകലാശാലയുടെ ഓഫീസും ക്ലാസുകളും വാടകകെട്ടിടങ്ങളിലാണ് പ്രവർത്തിച്ചുവരുന്നത്. കാസർഗോഡ് വിദ്യാനഗറിലുള്ള മെയിൻ കാമ്പസിൽ ഓഫീസുകളും, ലൈബ്രറിയും, ഹ്യൂമാനിറ്റീസ് ഡിപ്പാർട്ടുമെന്റുകളും കാഞ്ഞങ്ങാട്ടുള്ള Riverside Transit Campus - ൽ സയൻസ് ഡിപ്പാർട്ട്മെന്റും പ്രവർത്തിക്കുന്നു. 2009 ഒക്ടോബറിൽ ആരംഭിച്ച M.A. English and Comparative Literature, M.A. Economics എന്നീ |

കോഴ്സുകൾ പൂർത്തിയാക്കി പരീക്ഷാഫലവും പ്രസിദ്ധീകരിച്ചുകഴിഞ്ഞിട്ടുണ്ട്. 2010 ഓഗസ്റ്റിൽ M.Phil in Comparative Literature, M.Phil in Economics കോഴ്സുകളും മോളിക്കുലർ ബയോളജി &ബയോകെമിസ്ട്രി, അനിമൽ - സയൻസ്, ജിനോമിക് സയൻസ്, ഫിസിക്സ് എന്നീ വിഷയങ്ങളിൽ എം.എസ്.സി. കോഴ്സുകളും ആരംഭിച്ചിട്ടുണ്ട്. 2011-2012 അദ്ധ്യയന വർഷം ഹിന്ദിയിൽ എം.എ. കോഴ്സും പ്ലാന്റ് സയൻസ്, മാത്തമാറ്റിക്സ്, കംപ്യൂട്ടർ സയൻസ് എന്നീ വിഷയങ്ങളിൽ എം.എസ്.സി. കോഴ്സുകളും കൂടാതെ Genomics, Physics, Animal Taxonomy, Biochemistry എന്നീ വിഷയങ്ങളിൽ എം.ഫിൽ കോഴ്സുകളും ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. ദേശീയാടിസ്ഥാനത്തിൽ നടത്തുന്ന Central University Common Entrance Test (CUCET) ലൂടെയാണ് എല്ലാ കോഴ്സുകളിലേക്കും പ്രവേശനം നൽകുന്നത്.

(സി) ഓരോന്നിനും ആവശ്യമായ സ്ഥലമെടുപ്പ് പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) സർവ്വകലാശാലക്ക് സ്ഥലമേറ്റെടുത്തു നൽകിയിട്ടില്ല. 16.02.2011 ലെ സർക്കാർ ഉത്തരവ് (എം.എസ്.) 77/2011/ആർ.ഡി. പ്രകാരം പെരിയയിൽ ഇപ്പോൾ പ്ലാന്റേഷൻ കോർപ്പറേഷൻ പാട്ടവ്യവസ്ഥയിൽ കൈവശം വെച്ചുവരുന്ന സ്ഥലത്തുനിന്നും 310 ഏക്കർ സ്ഥലം മേൽ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി സൗജന്യമായി പതിച്ചു നൽകുകയും ഇതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കുവാൻ കാസർഗോഡ് ജില്ലാകളക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വൈസ്ചാൻസലറുടെ അഭ്യർത്ഥന പ്രകാരം മുകളിൽ പരാമർശിച്ചിട്ടുള്ള സ്ഥലത്തെ മണ്ണും വെള്ളവും വായുവും ആരോഗ്യത്തിന്

ഹാനികരമാണോയെന്ന് ശാസ്ത്രീയ പഠനങ്ങളിലൂടെ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

| | | | |
|---|---|---|---|
| (ഡി) | ഇതിലേയ്ക്ക് കേന്ദ്ര സർക്കാരിൽ നിന്നും എന്തെല്ലാം സഹായങ്ങൾ ലഭിക്കുമെന്ന് അറിയിക്കുമോ? | (ഡി) | കേന്ദ്ര സർവ്വകലാശാലയുടെ പ്രവർത്തനത്തിന് ആവശ്യമായ സ്ഥലം മാത്രമേ സംസ്ഥാന സർക്കാർ നൽകേണ്ടതുള്ളൂ. ബാക്കി പ്രവർത്തന ചെലവുകൾ കേന്ദ്രസർക്കാരാണ് വഹിക്കുന്നത്. |

സെക്ഷൻ ഓഫീസർ